പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 1878

10/03/2020 ൽ മറുപടി
നല്കേണ്ടത്.

## മത്സ്യ വ്യാപാരമേഖലയിൽ ഭക്ഷ്യസുരക്ഷാവകുപ്പ് പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) മത്സ്യവ്യാപാര മേഖലയിൽ ഭക്ഷ്യസുരക്ഷാവകുപ്പ് പരിശോധന കർശനമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) ഗുണനിലവാരമുള്ള മത്സ്യം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. അന്യ സംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്ന തുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ മത്സ്യമാർക്കറ്റുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട് പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യസുരക്ഷാ വകുപ്പ് 2304 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെ 1687 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളിൽ അയച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട് . കൂടാതെ Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത സ്ട്രിപ്പ് ഉപയോഗിച്ച് സംസ്ഥാനത്ത് ഒട്ടാകെ 2130 മത്സ്യ സാമ്പിളുകളിലും പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഉപയോഗയോഗ്യമല്ലാത്തതായി കണ്ടെത്തിയ 2495 Kg. മത്സ്യവും 2 ബോക്സ് ഐസും നശിപ്പിക്കുകയും, 1,06,500/- രൂപ പിഴ |

ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപയോഗ യോഗ്യമല്ലായെന്ന് കണ്ടെത്തിയ 2.5 ടൺ മത്സ്യം ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നിന്നും തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 2018-19, 2019-20 കാലയളവുകളിൽ 6 പ്രോസിക്യൂഷൻ കേസുകൾ സംസ്ഥാനത്ത് ഒട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി മത്സ്യവിൽപ്പന മേഖലയിൽ നടപ്പിലാക്കുന്ന നിർദ്ദേശ ങ്ങൾ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിർദ്ദേശ ങ്ങളാണ് നൽകിയിട്ടുള്ള തെന്നും പ്രസ്തുത നിർദ്ദേശ ങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീ കരിച്ചിട്ടുണ്ടെന്നും വ്യക്ത മാക്കുമോ?

(ബി) & (സി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി കടൽ മത്സ്യങ്ങളിൽ ഫോർമാലിന്റെ അളവ് 100മില്ലിഗ്രാം/കിലോഗ്രാം ആയും ശുദ്ധജല മത്സ്യങ്ങളിൽ 4 മില്ലിഗ്രാം/കിലോഗ്രാം ആയും നിജപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നൽകിയ ടി നിർദ്ദേശം അനുസരിച്ചാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യങ്ങളിലെ ഫോർമാലിൻ പരിശോധന നടത്തിവരുന്നത്.

സെക്ഷൻ ഓഫീസർ